# കൃഷി വിജ്ഞാന കേന്ദ്രം - ആലപ്പുഴ

# ICAR-KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം, കായംകുളം–690 533, കേരളം

Vol. 13 Issue 04 **NEWSLETTER** October - December 2015

വാല്യം 13 ലക്കം 04 **വാർത്താപത്രിക** ഒക്ടോബർ - ഡിസംബർ 2015




## അകത്താളുകളിൽ



അന്താരാഷ്ട്ര മണ്ണ് ദിനാചരണം



ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ - സെമിനാർ



ജയ് ജവാൻ ജയ് വിജ്ഞാൻ വാരാചരണം



കാർഷിക പ്രദർശനം



കൃഷിയിട സന്ദർശനം

**ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനപ്രകാരം 2016 അന്താരാഷ്ട്ര പയർ വർഷമായി ആചരിക്കുന്നു.**



## അന്താരാഷ്ട്ര മണ്ണ് ദിനാചരണവും മണ്ണിന്റെ ആരോഗ്യ കാർഡ് വിതരണവും




ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനപ്രകാരം 2015 അന്താരാഷ്ട്ര മണ്ണ് വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഡിസംബർ 5ന് കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക നിർദ്ദേശപ്രകാരം അന്താരാഷ്ട്ര മണ്ണ് ദിനാചരണവും മണ്ണിന്റെ ആരോഗ്യ കാർഡ് വിതരണവും ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ആര്യാട് പഞ്ചായത്ത് ഫാർമേഴ്സ് ക്ലബ്ബിന്റെ സഹകരണത്തോടെ ആര്യാട് പെൻഷൻ ഭവനിൽ നടത്തി. ആര്യാട് ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളേയും പ്രതിനിധീകരിക്കുന്ന രീതിയിൽ മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 250 കർഷകർക്കാണ് കാർഡുകൾ തയ്യാറാക്കി നൽകിയത്. ബഹുമാനപ്പെട്ട ആലപ്പുഴ എം.പി. ശ്രീ. കെ.സി. വേണുഗോപാൽ ചടങ്ങ് ഉത്ഘാടനം ചെയ്തു. ആരോഗ്യവും ഫലഭൂയിഷ്ടതയുമുള്ള മണ്ണ് വീണ്ടെടുത്ത് ആവാസ വ്യവസ്ഥയ്ക്ക് ഇണങ്ങുന്ന കൃഷി രീതികൾ അനുവർത്തിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ആര്യാട് മുൻ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. സി.വി. നടരാജന്റെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ഫാമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ശ്രീ. പുഷ്പാംഗദൻ, ഗ്രാമ പഞ്ചായത്തംഗങ്ങളായ ശ്രീ. മനോജ്, ശ്രീ. അജികുമാർ, ശ്രീ. പി. അനിൽകുമാർ, ശ്രീമതി. രേണുക, ശ്രീമതി.ഷീജാ സാജു, ശ്രീമതി. രശ്മി, കൃഷി അസിസ്റ്റന്റ് ശ്രീമതി.അമ്പിളി എന്നിവർ സംസാരിച്ചു.




ഇതോടനുബന്ധിച്ച് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം മേധാവി

ഡോ. പി.മുരളീധരൻ നയിച്ച 'ആരോഗ്യമുള്ള ജീവിതത്തിന് ആരോഗ്യമുള്ള മണ്ണ്' എന്ന ബോധവത്ക്കരണ ക്ലാസ്സും ചർച്ചയും നടന്നു. കൃഷി വിജ്ഞാനകേന്ദ്രത്തിലെ സാങ്കേതിക വിദഗ്ദ്ധരായ ഡോ. കെ. സജ്നാനാഥ്, ശ്രീ. എം.എസ്. രാജീവ്, ശ്രീമതി. ലേഖ, ഡോ. എസ്. രവി എന്നിവർ പങ്കെടുത്ത ചർച്ചയിൽ ആര്യാട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 150 ഓളം കർഷകർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് കൈതത്തിൽ സൊസൈറ്റിയിൽ മണ്ണില്ലാ തീറ്റപ്പുൽ കൃഷി പ്രദർശന യൂണിറ്റിന്റെ ഉദ്ഘാടനവും ബഹുമാനപ്പെട്ട ആലപ്പുഴ എം.പി. ശ്രീ. കെ.സി. വേണുഗോപാൽ നിർവ്വഹിച്ചു.

## ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന സംരംഭങ്ങൾ - സെമിനാറും മുഖാമുഖവും



കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'ചക്കയിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന സംരംഭകത്വ സാദ്ധ്യതകൾ' എന്ന വിഷയത്തിൽ ഒരു സംസ്ഥാനതല സെമിനാറും മുഖാമുഖവും സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ. ശ്രീ.പി.സി.വിഷ്ണുനാഥ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വ്യാപകമായി പാഴാക്കിക്കളയുന്ന ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനങ്ങൾ നൽകി സംരംഭകത്വം പ്രോത്സാഹിപ്പിക്കുകവഴി കൃഷി വിജ്ഞാനകേന്ദ്രം മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. മാതൃഭൂമി ആലപ്പുഴ ജില്ലാ സീനിയർ റിപ്പോർട്ടർ ശ്രീ.എസ്.ഡി. വേണുകുമാർ മോഡറേറ്ററായ മുഖാമുഖത്തിൽ ആലുവയിലെ ജാക്ക്ഫ്രൂട്ട് 365 സ്ഥാപകൻ ശ്രീ. ജെയിംസ് ജോസഫ്, കണ്ണൂരിലെ ആർട്ടോകാർപ്പസ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകൻ ശ്രീ. സുഭാഷ് കോറോത്ത്, ആതിരപ്പള്ളിയിലെ എക്സ് സർവ്വീസ്മെൻ സഹകരണ സംഘത്തിലെ ശ്രീ. മുരളീധരൻ എം.കെ, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തംഗവും സംരംഭകയുമായ ശ്രീമതി. രമാ ഉണ്ണികൃഷ്ണൻ തുട




ങ്ങിയ സംരംഭകർ ചക്കയിൽ നിന്നും ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനത്തിലൂടെ കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് വിവരിച്ചു.

തുടർന്ന് തിരുവനന്തപുരത്തെ ചെറുകിട കാർഷിക സംരംഭകർക്കായുള്ള കൺസോർഷ്യം (SFAC) പ്രോജക്റ്റ് മാനേജർ ശ്രീ. രാജ്മോഹൻ, കാർത്തികപ്പള്ളി താലൂക്ക് വ്യവസായ കേന്ദ്രം ഓഫീസർ ശ്രീ. അജയകുമാർ, യുവ സംരംഭകനായ ശ്രീ. അനീഷ് എസ് ചേപ്പാട്, കൃഷി വിജ്ഞാനകേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് തുടങ്ങിയവർ സംരംഭകത്വത്തെക്കുറിച്ച് വിവിധ വിഷയങ്ങളിൽ ചർച്ചകൾ നയിച്ചു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം പുതുസംരംഭകർ സെമിനാറിലും മുഖാമുഖത്തിലും പങ്കെടുത്തു.

## ജയ് കിസാൻ ജയ് വിജ്ഞാൻ വാരാചരണം

കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 'ജയ് കിസാൻ ജയ് വിജ്ഞാൻ' വാരാചരണം സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളാണ് നടത്തിയത്.

- കൃഷി വിജ്ഞാനകേന്ദ്രത്തിൽ 'ജൈവവളം- ജൈവ കീടനാശിനി - നിർമ്മാണവും ഉപയോഗരീതികളും' എന്ന വിഷയത്തിൽ ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചു. മാവേലിക്കര ബ്ലോക്കിൽ നിന്നുള്ള 28 വനിതാ കർഷകർ ഈ പരിശീലനത്തിൽ പങ്കെടുത്തു.



❋ കാസറഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിൽ നിന്നുള്ള 'ഫാർമേഴ്സ് എക്സ്റ്റെൻഷൻ ഓർഗനൈസേഷനി' ലെ 33 അംഗങ്ങൾ പങ്കെടുത്ത 'ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം' എന്ന ത്രിദിനപരിശീലനപരിപാടി സംഘടിപ്പിച്ചു.




❋ സൽസദ് ആദർശ് ഗ്രാമമായ ആര്യാട് 'കോഴിവസന്തയ്ക്കെതിരെ ഓറൽ പെല്ലറ്റ് വാക്സിൻ വിതരണം' സംഘടിപ്പിച്ചു. വാർഡ് മെമ്പർ ശ്രീമതി. ബിന്ദു മധുകുമാർ ഉത്ഘാടനം ചെയ്ത കാമ്പയിനിൽ 23 കർഷകരുടെ 350 ഓളം കോഴികൾക്ക് വാക്സിൻ നൽകി.

**ഫോഡർ ദിനാചരണം:** ആര്യാട്, കൈതത്തിൽ ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ സഹകരണത്തോടെ 23-12-2015 ന് ഫോഡർ ദിനാചരണം സംഘടിപ്പിച്ചു. 18 ക്ഷീരകർഷകർ ചടങ്ങിൽ പങ്കെടുത്തു.



**അന്താരാഷ്ട്ര ഭക്ഷ്യദിനാചരണം:** അന്താരാഷ്ട്ര ഭക്ഷ്യദിനമായ ഒക്ടോബർ 16 - കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. സൻസദ് ആദർശ് ഗ്രാമ പഞ്ചായത്തായ ആര്യാട്ടെ ബിലീവേഴ്സ് ചർച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ നാച്ചുറൽ ക്ലബ്ബ് അംഗങ്ങൾക്കായി 'പുരയിട കൃഷി - വിഷവിമുക്ത പച്ചക്കറിക്കും ആരോഗ്യത്തിനും' എന്ന വിഷയത്തിൽ ഒരു ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. കൃഷി വിജ്ഞാനകേന്ദ്രത്തിലെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ഡോ.കെ.സജ്നാനാഥ്, അന്യ സംസ്ഥാനപച്ചക്കറികളിലെ മാരകമായ കീടനാശിനികളുടെ അവശിഷ്ട സാന്നിദ്ധ്യത്തെക്കുറിച്ചും അതുണ്ടാക്കുന്ന ദൂഷ്യഫലങ്ങൾ ചെറുക്കുന്നതിനായി വീട്ടുവളപ്പിലെ തന്നെ ജൈവാവശിഷ്ടങ്ങളുപയോഗിച്ചുള്ള പച്ചക്കറി ഉത്പാദനത്തെക്കുറിച്ചും സംസാരിച്ചു. കൂടാതെ സ്കൂൾ പരിസരത്തെ 10 സെന്റ് സ്ഥലത്ത് ജൈവ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നാച്ചുറൽ ക്ലബ്ബിലെ 50 ഓളം അംഗങ്ങൾ, സ്കൂൾ പ്രിൻസിപ്പാൾ ശ്രീ.സി.വി.ഐസക്, കോർഡിനേറ്റർ ശ്രീമതി. പി.ജയന്തി, സ്കൂൾ ലീഡർ കുമാരി മേഘ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.




അന്നേ ദിവസം ആര്യാട് കൃഷി ഭവനിൽവെച്ച് ഭക്ഷ്യ സുരക്ഷയ്ക്ക് വീട്ടുവളപ്പിലെ ഫലങ്ങളുടെയും പച്ചക്കറികളുടെയും മൂല്യവർദ്ധനം' എന്ന വിഷയത്തിൽ ഒരു ബോധവത്ക്കരണ പരിപാടിയും സംഘടിപ്പിച്ചു. കൃഷി വിജ്ഞാനകേന്ദ്രം സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് നയിച്ച പരിശീലനത്തിൽ 40 ഓളം വീട്ടമ്മമാർ പങ്കെടുത്തു.

**കാർഷിക പ്രദർശനം**

അസോസിയേഷൻ ഓഫ് ഓണാട്ടുകര ഫാമേഴ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഡിസംബർ 19 മുതൽ 23 വരെ ചാരുംമൂട് സംഘടിപ്പിച്ച 'ഓണാട്ടുകര ഫെസ്റ്റി'ൽ കൃഷി വിജ്ഞാനകേന്ദ്രം പങ്കെടുത്തു. അതോടനുബന്ധിച്ച് നടന്ന കാർഷിക സെമിനാറിൽ 'ഓണാട്ടുകരയുടെ തനതു കൃഷി രീതികളും ഭക്ഷ്യസുരക്ഷയും' എന്ന വിഷയത്തിൽ കെ.വി.കെ മേധാവി ഡോ.പി.മുരളീധരൻ വിഷയം അവതരിപ്പിച്ച് സംസാരിച്ചു.



### പ്രസിദ്ധീകരിച്ച കർഷക ലേഖനങ്ങൾ

1. എം.എസ്. രാജീവ്, പി. മുരളീധരൻ 2015. തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി - വിജയവുമായി ഒരു മാതൃകാ കർഷകൻ. കർഷകൻ: 23(10): 14,19,20.
2. പി. മുരളീധരൻ, റീമാ ആനന്ദ്, എം.എസ്. രാജീവ്. 2015. പുഞ്ചകൃഷിക്ക് പുതിയ രീതി. കേരള കർഷകൻ:61(4) 30-31
3. എസ്. രവി, പി.മുരളീധരൻ. 2015. മത്സ്യ-കോഴി അവശിഷ്ടങ്ങൾ കോഴിത്തീറ്റയാക്കാം. കർഷകൻ:23(12):32-33.
4. ജി. ലേഖ, റീമാ ആനന്ദ്. 2015. കുളത്തിനുമീതേയും കൂൺ വളർത്താം. കർഷകൻ:23(12) :38-39.

### ടി.വി.പരിപാടികൾ

1. കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ സഹായത്തോടെ ശ്രീമതി. രാധാമണി അമ്മ (ഐശ്വര്യ, വളവനാട്, ആലപ്പുഴ) യുടെ പുരയിടത്തിൽ വികസിപ്പിച്ച നാളീകേരാധിഷ്ഠിത സംയോജിത കൃഷിയുടെ വിജയകരമായ മാതൃക തിരുവനന്തപുരം ദൂരദർശന്റെ കൃഷിദർശൻ പരിപാടിയിൽ 21-10-2015 ന് സംപ്രേഷണം ചെയ്തു.
2. കെ.വി.കെ യുടെ സാങ്കേതിക സഹായത്തോടെ നാളീകേരാധിഷ്ഠിത ഉത്പന്നങ്ങളുടെ സംരംഭകനായ ശ്രീ. അനീഷ് എസ്. ചേപ്പാടിന്റെ വിജയഗാഥ തിരുവനന്തപുരം ദൂരദർശന്റെ കൃഷിദർശൻ പരിപാടിയിൽ 18-11-2015ന് സംപ്രേഷണം ചെയ്തു.

### കെ.വി.കെ ആത്മ സംയുക്ത പരിപാടികൾ

1. ആത്മയുടെ ഒക്ടോബർ, ഡിസംബർ മാസങ്ങളിലെ സാങ്കേതിക ഉപദേശക യോഗങ്ങളിൽ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ, സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ലേഖ. ജി എന്നിവർ പങ്കെടുത്തു.
2. 19-11-2015 ന് നടത്തിയ ആത്മ ഗവേർണിങ്ങ് ബോഡി, നിർവ്വഹണ സമിതി യോഗങ്ങളിൽ കെ.വി.കെ മേധാവി ഡോ. പി. മുരളീധരൻ പങ്കെടുത്തു.



3. പള്ളിപ്പാട്, ചിങ്ങോലി, കണ്ടല്ലൂർ, വള്ളികുന്നം, തെക്കേക്കര എന്നീ പഞ്ചായത്തുകളിലെ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുള്ള സാങ്കേതിക സംഘത്തിൽ കൃഷിവിജ്ഞാനകേന്ദ്രം വിദഗ്ദർ അംഗമായിരുന്നു.

### പരിശീലന പരിപാടികൾ

കൃഷി വിജ്ഞാന കേന്ദ്രവും അഗ്മാർക്ക് ആലപ്പുഴയും സംയുക്തമായി ഒക്ടോബർ 27, 28 തീയതികളിൽ സംഘടിപ്പിച്ച "കാർഷിക വിപണനവും ഗുണനിലവാര നിയന്ത്രണവും" എന്ന പരിശീലന പരിപാടിയിൽ വിജ്ഞാന വ്യാപന പ്രവർത്തകരും സംരംഭകരുമായി 30 ഓളം പേർ പങ്കെടുത്തു. കൂടാതെ കൃഷി വിജ്ഞാന കേന്ദ്രം ഈ കാലയളവിൽ 36 പരിശീലന പരിപാടികളും സംഘടിപ്പിച്ചു.




Prabha Offset, Kappil - 2437749, 9447908459

Printed & Published by : **Dr. P. Chowdappa**, Director, CPCRI, Kasaragod; Co-ordination & Editing : **Dr. P. Muralidharan**, Senior Scientist & Head; Design, Layout & Compilation :**Rajeev M.S**; Technical Inputs : **Dr. K. Sajnanath, Lekha G, Jissy George & Dr. S. Ravi** ; Technical Assistance : **Arathy Balakrishnan, Ansary K.M, Bijila P.V & Reema Anand**; Photos: **KVK Staff.**

**കൂടുതൽ വിവരങ്ങൾക്ക്**
സീനിയർ സയന്റിസ്റ്റ് & ഹെഡ്, ICAR കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ, ICAR സി.പി.സി.ആർ.ഐ.(ആർ.എസ്.), കൃഷ്ണപുരം പി.ഒ., കായംകുളം- 690533. ഫോൺ/ ഫാക്സ്: 0479 2449268.
Email: kvkalapuzha@gmail.com | Web: www.kvkalappuzha.org